# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ .4010

27.06.2012.ൽ മറുപടിയ്ക്ക്

## മലപ്പുറം ജില്ലയിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | ശ്രീ. പി .ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ജലവിഭവ വകുപ്പ് മലപ്പുറം ജില്ലയിൽ ഭരണാനുമതി നൽകിയ വിവിധ പദ്ധതികൾ ഏതെല്ലാം;<br><br>ബി) അവയിൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദാംശം നൽകാമോ | (എ) & (ബി | **ചീഫ് എഞ്ചിനീയർ, (ജലസേചനവും ഭരണവും) ന്റെ കീഴിൽ** :- ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം ജില്ലയിലെ വൻകിട, ചെറുകിട ജലസേചന പ്രവൃത്തികൾക്ക് ലഭിച്ച ഭരണാനുമതികളുടേയും നടപ്പിലാക്കിയ പ്രവൃത്തികളുടേയും വിശദാംശങ്ങൾ **അനുബന്ധം-1(എ) & (ബി)യിൽ കൊടുത്തിരിക്കുന്നു.**<br><br>**കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ :-** ഈ സർക്കാർ അധികാരമേറ്റ ശേഷം മലപ്പുറം ജില്ലയിൽ ഭരണാനുമതി നൽകിയ പദ്ധതികൾ **അനുബന്ധം -2 -ൽ ചേർക്കുന്നു.**<br><br>ഒതുക്കുങ്ങൽ പഞ്ചായത്തിലെ മട്ടന്നൂർ കുരുണിയൽ പറമ്പ് ശുദ്ധജലവിതരണ പദ്ധതി പുരോഗമിച്ചു വരുന്നു. മറ്റു പദ്ധതികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>**ഡയറക്ടർ, ഭൂജലവകുപ്പിന്റെ കീഴിൽ:-** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിലെ മൈലാടി എന്ന സ്ഥലത്ത് കുഴൽ കിണർ നിർമ്മിക്കുന്നതിനും പ്രസ്തുത കിണർ ചെറുകിട ജലവിതരണ പദ്ധതിയാക്കി മാറ്റുന്നതിനുമുള്ള ഭരണാനുമതിയാണ് ഭൂജല വകുപ്പ് നൽകിയിട്ടുള്ളത്. |

ഇവയിൽ പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിലെ മൈലാടി കുഴൽ കിണർ നിർമ്മാണം പൂർത്തീകരിച്ചു.

സി) മലപ്പുറം മണ്ഡലത്തിൽ മാത്രം എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്നും എത്ര പദ്ധതികളുടെ പണി പൂർത്തീകരിച്ചെന്നും വ്യക്തമാക്കാമോ;

**ചീഫ് എഞ്ചിനീയർ, (ജലസേചനവും ഭരണവും) ന്റെ കീഴിൽ :-** ഭരണാനുമതി നൽകിയ മൂന്ന് വൻകിട ജലസേചന പ്രവൃത്തികളിൽ ഒന്നും പൂർത്തീകരിച്ചിട്ടില്ല. ഭരണാനുമതി നൽകിയ ആറ് ചെറുകിട ജലസേചന പ്രവൃത്തികളിൽ നാല് എണ്ണം പൂർത്തീകരിച്ചു.

**ഡയറക്ടർ, ഭൂജലവകുപ്പിന്റെ കീഴിൽ:-** മലപ്പുറം മണ്ഡലത്തിൽ പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിൽ മൈലാടി എന്ന സ്ഥലത്ത് കുഴൽ കിണർ നിർമ്മാണത്തിലും പ്രസ്തുത കിണർ ചെറുകിട ജലവിതരണ പദ്ധതിയാക്കുന്നതിനും ഭരണാനുമതി നൽകി.. ഇവയിൽ കുഴൽ കിണർ നിർമ്മാണം പൂർത്തീകരിച്ചു.

ഡി) മണ്ഡലത്തിൽ ഓരോ പദ്ധതിക്കും അനുവദിച്ച തുക, പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി എന്നിവയുടെ വിശദാംശം വ്യക്തമാക്കാമോ?

**ചീഫ് എഞ്ചിനീയർ, (ജലസേചനവും ഭരണവും) ന്റെ കീഴിൽ :-** മണ്ഡലത്തിൽ ഓരോ പദ്ധതിക്കും അനുവദിച്ച തുക, പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി എന്നിവയുടെ വിശദാംശം വ്യക്തമാക്കുന്ന പട്ടിക **അനുബന്ധം- 3-ൽ ചേർത്തിരിക്കുന്നു.**

**ഡയറക്ടർ, ഭൂജലവകുപ്പിന്റെ കീഴിൽ:-** കുഴൽ കിണർ നിർമ്മാണത്തിന് 26.100/- രൂപയും പ്രസ്തുത കിണർ ചെറുകിട ജലവിതരണ പദ്ധതിയാക്കി മാറ്റുന്നതിന് 2,74,000/- രൂപയും അനുവദിച്ചിട്ടുണ്ട്. കുഴൽ കിണർ നിർമ്മാണം പൂർത്തീകരിച്ചു. ചെറുകിട ജലവിതരണ പദ്ധതി നടപ്പിലാക്കുന്നതിന് ടെണ്ടർ വിളിക്കുന്നതിനുള്ള അനുമതിക്കായി നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്